# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4238 — 16/12/2014-ൽ മറുപടിക്ക്

### പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിപുലീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.വി. വിജയദാസ് : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് പി & എ.ആർ.ഡി. വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് നടത്തിയ വർക്ക് സ്റ്റഡിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; ആയതിലെ ഏതെല്ലാം നിർദ്ദേശങ്ങൾ നടപ്പിലാക്കി എന്നു വ്യക്തമാക്കാമോ; | (എ), (ബി), (സി) & (ഡി) | പി&എ.ആർ.ഡി. പട്ടികവർഗ്ഗ വികസന വകുപ്പിൽ നടത്തിയ വർക്ക് സ്റ്റഡിയുടെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസലിന്മേൽ സർക്കാർ നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | അടിമാലി റ്റി.ഡി.ഒ.യുടെ ഓഫീസ് ഉൾപ്പെടെ വകുപ്പുതല പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നൽകിയ ക്രിയാത്മക നിർദ്ദേശങ്ങൾ ഏതെങ്കിലും നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | | |
| (സി) | നിരന്തരമായി ശിശുമരണം സംഭവിക്കുന്ന അട്ടപ്പാടിയിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മാത്രമായി ഒരു ഓഫീസ് ഇല്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവിടെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ ഒരു ഐ.റ്റി.ഡി.പി. ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിൽ ക്രിയാത്മക നടപടി സമയബന്ധിതമായി സ്വീകരിക്കുമോ; ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ; | | |
| (ഡി) | കഴിഞ്ഞ പത്ത് വർഷക്കാലത്തെ വകുപ്പിന് ലഭിച്ച ഫണ്ടിന്റെ തോത് കണക്കാക്കി വകുപ്പിലെ ജോലിഭാരം വിലയിരുത്തി വകുപ്പിന്റെ വിപുലീകരണം നടത്തുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ വർക്ക് സ്റ്റഡി ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിച്ച് സത്വര നടപടി സ്വീകരിക്കുമോ; | | |

| | | | |
|---|---|---|---|
| (ഇ) | പത്ത് വർഷം മുമ്പുള്ള സ്റ്റാഫ് പാറ്റേൺ തന്നെയാണോ വകുപ്പിലിപ്പോഴും നിലനിൽക്കുന്നത്; ഇക്കാര്യത്തിൽ വർദ്ധിച്ചുവരുന്ന ഫണ്ട് വിനിയോഗിക്കുവാൻ ഡയറക്ടറേറ്റിലെ അടക്കം നിലവിലുള്ള സ്റ്റാഫ് പാറ്റേൺ പര്യാപ്തമാണോ; എങ്കിൽ വിശദീകരണം നൽകുമോ; പര്യാപ്തമല്ലെങ്കിൽ ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുമോ; | (ഇ) & (എഫ്) | പി&എ.ആർ.ഡി. പട്ടികവർഗ്ഗ വികസന വകുപ്പിൽ നടത്തിയ വർക്ക് സ്റ്റഡിയുടെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസലിന്മേൽ സർക്കാർ നടപടി സ്വീകരിച്ചുവരുന്നു. |
| (എഫ്) | മേൽപ്പറഞ്ഞ സാഹചര്യങ്ങൾ കണക്കിലെടുത്ത് വകുപ്പിന്റെ വിപുലീകരണം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; പരിഗണനയിലില്ലെങ്കിൽ എന്ത്കൊണ്ടെന്ന് അറിയിക്കുമോ? | | |

Haripriya

**സെക്ഷൻ ഓഫീസർ**